# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1749** **16/06/2014-ൽ മറുപടിയ്ക്ക്**

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ. കെ. ദാസൻ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ; | (എ) | 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെട്ടതും നേരത്തെ അനുമതി ലഭിച്ചിട്ടുള്ളതുമായ കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചു. ശേഷിക്കുന്ന ഘടകങ്ങൾ ഉൾപ്പെടെ 6399 ലക്ഷം രൂപ അടങ്കൽ വരുന്ന പുതുക്കിയ എസ്റ്റിമേറ്റിന് കേന്ദ്രാനുമതി ലഭിച്ചു. കൂടാതെ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച റോഡുകളെ സംബന്ധിച്ച ലിസ്റ്റ് ഇതോടൊപ്പം അനുബന്ധം (എ) ആയി ചേർത്തിട്ടുണ്ട്. |
| (ബി) തീരദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകളിൽ ഏതെല്ലാം പൂർത്തിയായി; പൂർത്തിയാകാത്തത് ഏതെല്ലാം; വിശദമാക്കാമോ; | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി മണ്ഡലത്തിൽ 21 റോഡുകൾക്ക് ഭരണാനുമതി നൽകി 10 എണ്ണം പൂർത്തിയായി. പൂർത്തിയായ റോഡുകളേയും പൂർത്തിയാവാത്ത റോഡുകളേയും സംബന്ധിച്ച വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധം (എ) ആയി ചേർത്തിട്ടുണ്ട്. |
| (സി) തീരദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഓരോ ഘട്ടത്തിലുമായി ഏതെല്ലാം റോഡുകളുടെ വിശദമായ എസ്റ്റിമേറ്റാണ് ഹാർബർ സി. ഇ മത്സ്യബന്ധന തുറമുഖ വകുപ്പിലേയ്ക്ക് അയച്ചിട്ടുള്ളത് എന്നത് റോഡിന്റെ പേര്, എസ്റ്റിമേറ്റ് തുക, ഫയൽ നമ്പർ, അയച്ച തീയതി മുതലായ വിവരങ്ങൾ സഹിതം വിശദമാക്കാമോ; | (സി) | പൂർണ്ണമായ വിവരം അനുബന്ധം (ബി) ആയി ചേർക്കുന്നു. |
| (ഡി) പ്രസ്തുത റോഡുകളിൽ നിന്ന് ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി ലഭിച്ചത്; വിശദമാക്കാമോ; | (ഡി) | അനുബന്ധം (സി) ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | ചേമഞ്ചേരി പഞ്ചായത്തിലെ സൈരി-ചാത്തനാടത്ത് റോഡിന് ഭരണാനുമതി ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ; | (ഇ) | ഉണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) | ഈ സർക്കാർ അധികാരമേറ്റ ശേഷം തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ പരിഗണിക്കേണ്ടുന്ന റോഡുകളുടെ എത്ര ലിസ്റ്റ് അംഗീകരിച്ച് പുറത്തിറക്കിയിട്ടുണ്ട്; കോഴിക്കോട് ജില്ലയിലെ ഓരോ ലിസ്റ്റിന്റെയും പകർപ്പ് ലഭ്യമാക്കാമോ? | (എഫ്) | 2011-12-ൽ 6 ലിസ്റ്റും 2012-13-ൽ 5 ലിസ്റ്റും 2013-14-ൽ 3 ലിസ്റ്റും സർക്കാർ അംഗീകരിച്ച് ഇറക്കിയിട്ടുണ്ട്. ഇവയിൽ കോഴിക്കോട് ജില്ലയിലെ റോഡുകൾ ഉൾപ്പെടുന്ന ലിസ്റ്റുകളുടെ പകർപ്പ് അനുബന്ധം (ഡി) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**